**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6** **23-01-2025 - ൽ മറുപടിയ്ക്ക്**

**സേവനാവകാശനിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സേവനാവകാശനിയമം കേരളത്തിൽ നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ എപ്പോഴാണ് ഈ നിയമം പ്രാബല്യത്തിൽ വന്നതെന്നും വ്യക്തമാക്കാമോ; | (എ) | 2012 നവംബർ 1 മുതൽ പ്രാബല്യത്തിലുണ്ട്. |
| (ബി) | ഈ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും ആയത് എത്ര ശതമാനം നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുക എന്നതാണ് നിയമത്തിന്റെ ലക്ഷ്യം. ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റിയത് സംബന്ധിച്ച് പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. |
| (സി) | നിയമം അനുശാസിക്കുന്ന വിധത്തിൽ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ;വിശദാംശം നൽകാമോ; | (സി) | പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുക എന്നതാണ് നിയമത്തിന്റെ ലക്ഷ്യം. ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റിയത് സംബന്ധിച്ച് പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. |
| (ഡി) | സേവനാവകാശ നിയമപ്രകാരം സേവനം ലഭ്യമാക്കിയില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എടുക്കാവുന്ന ശിക്ഷാ നടപടികൾ എന്തെല്ലാമാണെന്നും നിയമം നിലവിൽ വന്നതിനുശേഷം ഇത്തരം ശിക്ഷാ നടപടികൾക്ക് വിധേയരായ ഉദ്യോഗസ്ഥരുടെ പേരുവിവരവും ഓഫീസും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | സേവനാവകാശ നിയമത്തിന്റെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് സേവനം ലഭിച്ചില്ലായെങ്കിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ, മതിയായതും യുക്തി സഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി കാരണങ്ങൾ വിവരിച്ചുകൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനുമേൽ അഞ്ഞൂറു രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. |

| | | | |
|---|---|---|---|
| | | | സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് ഇരുന്നൂറ്റി അമ്പത് രൂപാനിരക്കിൽ, അതിന്റെ ആകെ തുക അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീലിൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്ന പക്ഷം, അദ്ദേഹത്തിന്, ഒന്നാം അപ്പീൽ അധികാരിക്കുമേൽ അഞ്ഞൂറ് രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ ആക്ട് പ്രകാരമുള്ള ചുമതലകൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യപ്പെടുന്ന പക്ഷം നിയുക്ത ഉദ്യോഗസ്ഥനും ഒന്നാം അപ്പീൽ അധികാരിക്കും എതിരെ ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്.<br><br>നിയമം നിലവിൽ വന്നതിനു ശേഷം ശിക്ഷാ നടപടികൾക്ക് വിധേയരായ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല |
| (ഇ) | സേവനാവകാശ നിയമം നിലവിൽ വന്നതിനുശേഷം നിയമം പറയുന്നതുപോലെ സേവനം ലഭ്യമാക്കാത്തതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ടെന്ന് ഓഫീസും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ; | (ഇ) | ഇതു സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |
| (എഫ്) | സേവനാവകാശ നിയമപ്രകാരം യഥാസമയത്ത് സേവനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (എഫ്) | സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുന്നത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ